**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ നിരന്തരം കടലാക്രമണം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക പരിഹാര മാർഗങ്ങൾക്ക് തനതു ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1078/2021/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി,02/06/2021**

---

പരാമർശം:- കൈപ്പമംഗലം എംഎൽഎ സമർപ്പിച്ച അപേക്ഷ

<u>**ഉത്തരവ്**</u>

കേരളത്തിലെ തീരദേശ നിയോജക മണ്ഡലങ്ങളിൽ ഒന്നായ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ കടലാക്രമണം നിരന്തരം നേരിടുന്ന ഗ്രാമപഞ്ചായത്തുകളായ എറിയാട് , എടവിലങ്ങ് , ശ്രീനാരായണപുരം , മതിലകം , പെരിഞ്ഞനം എന്നീ പ്രദേശങ്ങളിലേക്ക് ജിയോ ബാഗ് , കടൽ ഭിത്തി , മണൽ ചാക്ക് എന്നീ താൽക്കാലിക പരിഹാരമാർഗങ്ങൾക്ക് വേണ്ടി പത്തു ലക്ഷം രൂപ വീതം തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള അനുമതി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുവാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കൈപ്പമംഗലം എംഎൽഎ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ നിരന്തരം കടലാക്രമണം നേരിടുന്ന ഗ്രാമപഞ്ചായത്തുകളായ എറിയാട് , എടവിലങ്ങ് , ശ്രീനാരായണപുരം , മതിലകം , പെരിഞ്ഞനം എന്നീ പ്രദേശങ്ങളിലേക്ക് ജിയോ ബാഗ് , കടൽ ഭിത്തി , മണൽ ചാക്ക് എന്നീ താൽക്കാലിക പരിഹാരമാർഗങ്ങൾക്ക് വേണ്ടി പത്തു ലക്ഷം രൂപ വീതം ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത ഐ

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

File No.LSGD-FM2/92/2021-LSGD

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ